**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2320** 08/05/2017 -ൽ മറുപടിയ്ക്ക്

## എസ്.എസ്.എൽ.സി പരീക്ഷാ ചോദ്യം ചോർന്ന സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര<br>,, അടൂർ പ്രകാശ്<br>,, എൽദോസ് കുന്നപ്പിള്ളി<br>,, സണ്ണി ജോസഫ് : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. കണക്ക് പരീക്ഷയുടെ ചോദ്യം ചോർന്ന സംഭവത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി വിജിലൻസിനെ ചുമതലപ്പെടുത്താനുള്ള സാഹചര്യമെന്തായിരുന്നു; | (ബി) പൊതുവിദ്യാഭ്യാസ സെക്രട്ടറി പ്രാഥമിക അന്വേഷണം നടത്തി തുടർ അന്വേഷണത്തിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കുകയാണുണ്ടായത്. |
| (സി) കേരള വിദ്യാഭ്യാസ ചട്ടം 13 ലംഘിച്ച് സർവ്വീസിലുള്ള അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാ ക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നേരിട്ട് 7 പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വിദ്യാ ഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിലെ ശുപാർശയിന്മേൽ പി എസ് സി കോച്ചിംഗ് ക്ലാസ് നടത്തിയിരുന്ന ഒരു അധ്യാപകനെ സ്ഥലം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ സ്വകാര്യ ട്യൂഷൻ എടുത്തതുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2 അധ്യാപകർക്കെതിരെ |

അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ടി അധ്യാപകർ ഫയൽ ചെയ്ത WP(C) 1472/2017 കേസിൽ ബഹു: ഹൈക്കോടതി ഇവർക്കെ തിരായ അച്ചടക്കനടപടി സ്റ്റേ ചെയ്തിരിക്കുകയാണ്.

തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് 3 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് 4 അധ്യാപകർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ഉപവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി വരുന്നു.

ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് ചില അധ്യാപകർക്ക് എതിരെ പരാതി ലഭിച്ചിരുന്നുവെങ്കിലും, അന്വേഷണ ത്തിൽ പരാതിയിൽ കഴമ്പില്ല എന്ന് ബോധ്യപ്പെട്ടതിനാൽ തുടർ നടപടി യൊന്നും സ്വീകരിച്ചിട്ടില്ല.

കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപ കരെ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ അടിസ്ഥാനരഹിതമാ ണെന്ന് കണ്ടെത്തിയതിനാൽ നടപ ടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല.

മറ്റു വിദ്യാഭ്യാസ ഉപഡയറ ക്ടർമാരുടെ പരിധിയിലുള്ള അധ്യാപ കർക്കെതിരെ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട പരാതി കൾ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ